www.malankaralibrary.com

# മാർ അപ്രേമിന്റെ മനുഷ്യാവതാരഗീതങ്ങൾ



ഫാ. ഡോ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ

സുറിയാനിസഭയുടെ അഭിമാനവും സാർവത്രികസഭയിലെ വേദപാരംഗതനുമായ മാർ അപ്രേം (+373) നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് പദ്യരൂപത്തിൽ ഒരു കൃതി രചിച്ചിട്ടുണ്ട്. അതിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. കരകാണാക്കടൽ പോലെ അദ്ദേഹത്തിന്റെ പദ്യകൃതികൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വീണയെന്നാണ് സൈറസിലെ തിയഡൊറെറ്റ് മാർ അപ്രേമിനെ വിശേഷിപ്പിക്കുന്നത്. അനർഘസുന്ദരമായ വാഗ്ധോരണികൊണ്ടും കവിതാവാസനകൊണ്ടും അനുഗൃഹീതനായ പ്രതിഭാശാലി ആയിരുന്നു അദ്ദേഹം. സഭാപിതാക്കന്മാരുടെ കാലത്തെ അതിപ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മൗലികതയുള്ളവരിൽ മുൻപന്തിയിൽ നിൽക്കുന്നത് മാർ അപ്രേമാണ്. മാർ അപ്രേമിന്റെ അംഗീകൃത കൃതികൾ കുറേ നാളുകൾക്കുമുമ്പ് പതിമൂന്ന് വാല്യങ്ങളിലായി ഞാൻ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇപ്പോഴും കോട്ടയത്തുള്ള പൗരസ്ത്യവിദ്യാപീഠത്തിൽ ലഭ്യമാണ്. നമ്മുടെ കർത്താവിനെപ്പറ്റി സംസാരിക്കുമ്പോൾ മാർ അപ്രേം വാചാലനാകുന്നു.

ഒരുദാഹരണം:

"അവന്റെ ആകൃതി ആര് തിരക്കുന്നു?

ആ രൂപം ആര് മനസ്സിൽ വരയ്ക്കുന്നു?

ചെവിയില്ലാതെ അവൻ കേൾക്കുന്നു.

വായില്ലാതെ അവൻ സംസാരിക്കുന്നു.

കരങ്ങൾ കൂടാതെ അവൻ പ്രവർത്തിക്കുന്നു.

കണ്ണുകൾ കൂടാതെ അവൻ കാണുന്നു" (നിസിബിയൻ ഗീതം, 3,2).

ഇനിയും മനുഷ്യാവതാരഗീതങ്ങളിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിക്കാം. നമ്മുടെ കർത്താവിന്റെ ജന്മദിനത്തെ സംബന്ധിച്ചാണിത്. ഇതേപ്പറ്റി പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം കവിത രചിച്ചിരിക്കുന്നത്:

1. എന്റെ കർത്താവേ, രാജാക്കന്മാരെയും പുരോഹിതന്മാരെയും ഈ ദിവസം സന്തോഷിപ്പിക്കുന്നു. കാരണം, ഇന്ന് അവരുടെ വാക്കുകളെല്ലാം പൂർത്തീകരിക്കപ്പെടുകയും യാഥാർഥ്യമാകുകയും ചെയ്തു.

2. ഇന്ന് കന്യക ബേത്‌ലഹേമിൽ അമ്മാനുവേലിനെ പ്രസവിച്ചതിനാൽ, ഏശായാ സംസാരിച്ച വചനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (7,14).

3. ജനതകളുടെ പേരെഴുതുന്നവൻ അവിടെ ഭൂജാതനായി. ദാവീദ് പാടിയ സങ്കീർത്തനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (സങ്കീ.87,6).

4. മീക്കാ സംസാരിച്ച വചനം ഇന്ന് യാഥാർഥ്യമായി. എഫ്രാതായിൽനിന്ന് ഒരിടയൻ പുറപ്പെട്ടു. അവന്റെ വടി ആത്മാക്കളെ മേയിക്കുന്നു (മീക്കാ 5,2).

5. ബാലാം പ്രവചിച്ച പ്രവചനം ഇന്ന് അർഥം കണ്ടെത്തി. ഇതാ, യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിച്ചു. ഇസ്രായേലിൽനിന്ന് ഒരു രാജകുമാരൻ എഴുന്നേറ്റു (സംഖ്യ 24,17: പ്ശീതാ).

6. സക്കറിയാ സംസാരിച്ച ഉഷസ് ഇന്ന് ബേതലഹേമിനെ പ്രകാശിപ്പിച്ചു (2,5).

7. യാക്കോബ് ഉച്ചരിച്ച അനുഗ്രഹവചനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (ഉല്പ.49,8-12).

8. ജീവവൃക്ഷം മരിച്ചവർക്ക് പ്രത്യാശ കൊണ്ടുവന്നു. സോളമന്റെ നിഗൂഢവചനം ഇന്ന് അവയുടെ വിശദീകരണം ദർശിച്ചു (സുഭാ.12,13: പ്ശീതാ).

9. ഇന്ന് ഒരു ശിശു ജാതനായി. അവൻ അത്ഭുതം എന്ന് വിളിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ദൈവം ഒരു ശിശുവായി സ്വയം വെളിപ്പെടുത്തുക എന്നത് അത്ഭുതം തന്നെ (ഏശാ.9, 6).

10. അവൻ അവന്റെ മുമ്പിൽ ഒരു മുളപോലെ, വരണ്ട ഭൂമിയിൽനിന്നുള്ള കിളിർപ്പുപോലെ മുളച്ചുവന്നു. രഹസ്യമായി പറഞ്ഞ കാര്യം ഇന്ന് പരസ്യമായി സംഭവിച്ചു (ഏശാ. 53,2; പ്ശീതാ).

11. രാജാവ് യൂദായിൽ നിഗൂഢനായിരുന്നതിനാൽ അവനിൽനിന്ന് താമാർ അവനെ തട്ടിയെടുത്തു. ആ സൗന്ദര്യതേജസ്സ് ഇന്ന്

www.malankaralibrary.com

പ്രകാശിച്ചു. അതിന്റെ നിഗൂഢരൂപത്തെ അവൾ സ്നേഹിച്ചു (ഉല്പ.38,12-19).

12.ജീവന്റെ ഔഷധം ബോവാസിൽ നിഗൂഢമായിരിക്കുന്നു എന്നുകണ്ട് റൂത്ത് അവനുമായി ബന്ധപ്പെട്ടു. ഇന്ന് അവളുടെ ശപഥം നിറവേറി. കാരണം അവളുടെ വിത്തിൽ നിന്ന് ജീവദാതാവ് എഴുന്നേറ്റു (റൂത്ത്, 1,16f.).

ഈ രീതിയിൽ പഴയനിയമത്തിലെ പ്രവചനങ്ങളെല്ലാം യേശുവിൽ പൂർത്തീകരിക്കപ്പെട്ടെന്ന് മാർ അപ്രേം വ്യാഖ്യാനിക്കുന്നു: അഹറോന്റെ തളിർത്ത വടി മറിയത്തിന്റെ കന്യാത്വത്തെ സൂചിപ്പിക്കുന്നു: ''കന്യാത്വം അഴിയാത്ത ഉദരം ഇന്ന് പ്രസവിച്ചു''.

കൊല്ലപ്പെട്ട ഹാബേൽ രക്ഷകന്റെ മുൻകുറി ആയിരുന്നു. അവന്റെ കുരിശ് കായേന്റെ കൊലയായുധത്തെ നിർവീര്യമാക്കി.

വ്യഭിചാരികളെ പാവനരാക്കുന്ന പരിപാവനസുതനെ നോഹ മുൻകൂട്ടി കണ്ടു.

മൽക്കീസദേക്ക് അവനെ മുൻകൂട്ടി സൂചിപ്പിച്ചു. പൗരോഹിത്യത്തിന്റെ ഉടമസ്ഥനെ കാണാൻ അവൻ നോക്കിപ്പാർത്തുകൊണ്ടിരുന്നു.

ശുദ്ധത പ്രദാനം ചെയ്യുന്ന പ്രകൃതിനാഥനെ ലോത്ത് നോക്കിപ്പാർത്തു (ഉൽപ.19).

അഹറോനും മോശയും അവിടുത്തെ മുൻകൂട്ടി സൂചിപ്പിച്ചു. ആദത്തെയും ഹവ്വായെയും വിഴുങ്ങിയ സർപ്പത്തെ രക്ഷകന്റെ കുരിശ് വിഴുങ്ങും എന്ന് അവർ മുൻകൂട്ടി സൂചിപ്പിച്ചു (പുറ. 7,8-13). ആദ്യസർപ്പം ഉണ്ടാക്കിയ മുറിവുണക്കുന്നവനെ താൻ കാണുമെന്ന് മോശ പിച്ചളസർപ്പത്തിലൂടെ സൂചിപ്പിച്ചു. (പുറ. 34,29-35).

സൃഷ്ടിയെ മുഴുവൻ സമാശ്വസിപ്പിക്കുന്ന വീഞ്ഞ് നൽകുന്ന മുന്തിരക്കുലയെ, താൻ വഹിച്ച മുന്തിരിക്കുലയിലൂടെ കാലേബ് സൂചിപ്പിച്ചു (സംഖ്യ 13,23f).

ജോഷ്വാ അവന്റ മുൻകുറി ആയിരുന്നു. റാഹാബും ചെമന്ന ചരടിലൂടെ അവിടുത്തെ ദർശിച്ചു. (ജോഷ്വാ 2,8-12;6,17-25).

മോശയും ഏലിയായും അവനെ കാത്തിരുന്നു. താബോർമലയിൽ അവർ അവനെ ദർശിച്ചു (മർക്കോ. 9,2-8).

അവസാനം മാർ അപ്രേം പറയുന്നു: ''പുത്രന്റെ മുൻകുറിയായി വന്ന നീതിമാന്മാരുടെ നിരയുടെ അന്ത്യത്തെ ആരെന്നെ കാണിക്കും? അവരുടെ എണ്ണം തിട്ടപ്പെടുത്താൻ എനിക്കാവില്ല.''

ഹാനോക്കും ലാമേക്കും നോഹയും അവിടുത്തെ കാണാൻ കാത്തിരുന്നു (ഉല്പ.5,24.29). പുത്രന്റെ ജനനം വിദൂരത്തിലാണെന്ന് ആത്മാവിൽ അബ്രഹാം ദർശിച്ചു. അവനെ കാണാൻ അവൻ താൽപര്യപൂർവം ആഗ്രഹിച്ചു (യോഹ.8,56).

ഈ ദിവസത്തെ ജാഗരണത്തെപറ്റിയും മാർ അപ്രേം സംസാരിക്കുന്നു:

''സൃഷ്ടി മുഴുവൻ ഉണർന്നിരിക്കുന്ന ഈ രാത്രിയിൽ ആരാണ് ഉറങ്ങാൻ പോകുന്നത്?''

പലിശയ്ക്ക് പണം കൊടുക്കുന്നവനും കള്ളനും കവർച്ചക്കാരനും ഭോജനപ്രിയനും ആർത്തി പൂണ്ട കച്ചവടക്കാരനും ധനവാനും ഉറക്കമില്ലാതെ ക്ലേശിക്കുന്നവനും ജാഗരണം നടത്തുന്നു. യൂദാസ്കറിയോത്തായും ഫരിസേയരും ജാഗരണം നടത്തി. എന്നാൽ അതുപോലെയല്ല നാം ജാഗരണം നടത്തേണ്ടതെന്ന് മാർ അപ്രേം പറയുന്നു:

''ശോഭയുള്ള ഈ രാത്രിയിൽ പ്രകാശിതരെപ്പോലെ ജാഗരണം നടത്തുവിൻ. അപ്പോൾ നിഗൂഢ പ്രകാശത്താൽ നാം പൊതിയപ്പെടും.''

അസൂയാലുവിനെപ്പോലെയും വായാടിയെപ്പോലെയും രോഷാകുലനെപ്പോലെയും അവിവേകിയെപ്പോലെയും നമുക്ക് ജാഗരണം നടത്താതിരിക്കാം.

''നമ്മുടെ ശ്രവണപാത തടസ്സമില്ലാതിരിക്കട്ടെ. കണ്ണിന്റെ കാഴ്ച വേഗതയുള്ളതായിരിക്കട്ടെ. ഹൃദയത്തിന്റെ ധ്യാനം പാവനമായിരിക്കട്ടെ. വായുടെ സംസാരം സംശുദ്ധമായിരിക്കട്ടെ.''

''ഇതാണ് അനുരഞ്ജനത്തിന്റെ രാത്രി. ഇതാണ് മാധുര്യവാന്റെ രാത്രി. ഇതാണ് ക്ഷമയുടെ രാത്രി. ഇതാണ് രക്ഷയുടെ രാത്രി. ഇതാണ് ഉന്നതകവാടം തുറക്കപ്പെട്ട രാത്രി. ഈ ദിവസം നമുക്ക് അർഥസംപുഷ്ടമായി നടത്താം. നമുക്കിതിൽ രോഷാകുലരോ, ദുഃഖിതരോ ആകാതിരിക്കാം. നമുക്കിതിൽ കയ്പ്പുള്ളവരോ, കാഠിന്യമുള്ളവരോ ആകാതിരിക്കാം. നമുക്കിതിൽ രോഷാകുലരാകാതിരിക്കാം.''

(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001, പേജ്, 9-23).

■